പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1135 — 10/08/2017-ൽ മറുപടിക്ക്

## അദ്ധ്യാപക തസ്തിക നിർണ്ണയം

| **ചോദ്യം**<br>ശ്രീ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: | **ഉത്തരം**<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|
| (എ) 2017-18 ലെ അദ്ധ്യാപക തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) 2017-18 ലെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. |
| (ബി) തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് അദ്ധ്യാപകരെ പുനർവിന്യസിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (ബി) ഉണ്ട്. |
| (സി) ഇതുവഴി ജോലി നഷ്ടപ്പെട്ടവരെ സ്വന്തം ജില്ലയിൽ തന്നെ പുനർവിന്യസിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) മാതൃജില്ലയിൽ ഒഴിവ് ലഭ്യമല്ലാതെ വന്നതിനാൽ സംരക്ഷിതാദ്ധ്യാപകരെ മറ്റ് ജില്ലകളിൽ പുനർവിന്യസിക്കേണ്ടിവന്നിട്ടുണ്ട്. |
| (ഡി) വിഷയാനുപാതം അനുസരിച്ചാണോ പുനർവിന്യാസം നടത്തിയിരിക്കുന്നത്; ഏതെങ്കിലും ജില്ലകളിൽ വിഷയാനുപാതം നോക്കാതെ പുനർവിന്യാസം നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (ഡി) വിഷയാനുപാതം അനുസരിച്ചാണ് പുനർ വിന്യാസം നടത്തിയിരിക്കുന്നത്. |
| (ഇ) തിരുവനന്തപുരം ജില്ലയിൽ വിഷയാനുപാതം നോക്കാതെ എത്ര പേരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ; | (ഇ) തിരുവനന്തപുരം ജില്ലയിൽ വിഷയാനുപാതം നോക്കാതെ ആരെയും നിയമിച്ചിട്ടില്ല. |
| (എഫ്) നിയമം അനുസരിച്ച് ഇംഗ്ലീഷ് അദ്ധ്യാപകർക്ക് വേണ്ട മിനിമം യോഗ്യതയായ ബി.എ (ഇംഗ്ലീഷ്), ബി.എഡ് (ഇംഗ്ലീഷ്) ഇല്ലാതെ, മറ്റ് അദ്ധ്യാപകരെ കൊണ്ട് ഇംഗ്ലീഷ് പഠിപ്പിക്കുവാൻ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ നിർദ്ദേശം നൽകുന്നു എന്ന ആക്ഷേപം പരിശോധിക്കുമോ ; | (എഫ്) പരിശോധിക്കുന്നതാണ് |
| (ജി) യോഗ്യതയുള്ളവരെ തന്നെ ഇംഗ്ലീഷ് പഠനത്തിനു നിയമിക്കാൻ വേണ്ട കർശന | (ജി) 8 മുതൽ 10 വരെ ക്ലാസുകളിൽ ആകെ 5 ഡിവിഷനുകൾ എങ്കിലും ഉണ്ടെങ്കിൽ |

| | |
|---|---|
| നിർദ്ദേശങ്ങൾ നൽകുമോ ;<br>വ്യക്തമാക്കുമോ?. | മാത്രമേ ഒരു എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തിക അനുവദിക്കാൻ കഴിയൂ (07/01/2002 ലെ ജി.ഒ (എം.എസ്) നം.11/2002/പൊവിവ) 5 ഡിവിഷനിൽ കുറവുള്ള വിദ്യാലയങ്ങളിലെല്ലാം മറ്റുള്ള കോർ സബ്ജക്ട് അദ്ധ്യാപകരാണ് നിലവിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നത് |

സെക്ഷൻ ഓഫീസർ